# പ്രതീക്ഷ

## അക്കാദമിക മാസ്റ്റർ പ്ലാൻ




## സി എം എസ് എൽ പി സ്കൂൾ കാണിയാമ്പാൽ

വിദ്യാഭ്യാസ ജില്ല – ചാവക്കാട്, ഉപജില്ല – കുന്നംകുളം

സ്കൂൾ കോഡ് –24317

# ഉള്ളടക്കം


- ആമുഖം
- ചരിത്രം
- കാഴ്ച്ചപ്പാട്
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- പ്രവർത്തന വിശദാംശം
- ഉപസംഹാരം

# ആമുഖം

സി.എം.എസ്.എൽ.പി.എസ് കാണിയമ്പാലിന്റെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ 5 വർഷം നീണ്ടു നിൽക്കുന്ന കർമ്മ പദ്ധതികളാണ് രൂപികരിച്ചിരിക്കുന്നത്. എൽ.പി.സ്ക്കൂളുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവർ ഈ സംരഭത്തിൽ സഹകരിച്ചിരിക്കുന്നു. ഓരോ ക്ലാസിലെയും വിദ്യാർഥികൾ ആർജിക്കേണ്ട പഠന നിലവാരം നിഷ്കർഷിക്കുകയും, അതിൽ എത്ര കുറവുണ്ട് എന്ന് വിലയിരുത്തുകയും, അത് പരിഹരിക്കാനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ശിശുകേന്ദ്രീകൃതമായ ഇടപെടലാണ് നടത്തുന്നത്.

2023 - 2024 അധ്യായന വർഷത്തിൽ കുട്ടികളുടെ എണ്ണം

| Std | I | II | III | IV |
|---|---|---|---|---|
| | 22 | 23 | 24 | 20 |

ആകെ ക്ലാസ്സുകൾ - 4

അധ്യാപകർ - 4

പഴക്കമുള്ള ഈ വിദ്യാലയത്തിന്റെ കെട്ടിടത്തിന്റെ അവസ്ഥയിൽ മാറ്റം വന്നിട്ടില്ല എങ്കിലും, എല്ലാ ക്ലാസ്സുകളും വൈദ്യുതീകരിച്ചതും, ഐ.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങളും നടത്തി വരുന്നതുമാണ്.

# ചരിത്രം

1919 മുതൽ നീണ്ട വർഷങ്ങളായി തൃശ്ശൂർ ജില്ലയിൽ, ആനായ്ക്കൽ പ്രദേശത്ത് അറിവിന്റെ വെളിച്ചം വിതറുന്ന വിദ്യാലയമാണ്. CMSLPS കാണിയമ്പാൽ.

ആദ്യകാലത്ത് ചീരംകുളം അമ്പലത്തിനടുത്ത് CMS മിഷനറിയായ ശ്രീ ജേക്കബ് പാതിരിയാണ്. ഈ വിദ്യാലയം ആരംഭിച്ചത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൗജന്യമായി പ്രൈമറി വിദ്യാഭ്യാസം നൽകിയിരുന്നു. പിന്നീട് ആനയ്ക്കൽ സെന്ററിൽ സ്വന്തസ്ഥലത്ത് കെട്ടിടം പണിതു. നേഴ്സറി മുതൽ നാലാം ക്ലാസ്സുവരെ ക്ലാസുകൾ ആരംഭിച്ചു. ഓരോ ക്ലാസ്സുകളും 3 ഡിവിഷനുകൾ വീതം ഉണ്ടായിരിന്നു. ഓരോ ക്ലാസിലും 60 കുട്ടികൾ വീതവും പഠനം നടത്തിയിരുന്നു.

7000 ൽ അധികം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ നിന്നും അിറവുനേടി അവരിൽ ധാരാളം പേർ സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്നു. ഇന്നും അഭിമാനിക്കാവുന്ന ധാരാളം നേട്ടങ്ങൾ കൊണ്ട് ഈ വിദ്യാലയം മുന്നോട്ട് പോകുന്നു.

കുട്ടികളുടെ സമഗ്രമായ പഠനത്തിന് ഉതകുന്നതാണ് ഇവിടുത്തെ സൗകര്യങ്ങൾ

# കാഴ്ച്ചപ്പാട്

ഞങ്ങളുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ നൽകി, അവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും, പരിമിതികൾ മാറികടക്കാനും. വായനാശീലവും ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം, തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ  മുന്നോട്ട് പോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും. പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജ്ജന അവബോധം, ലിംഗാവബോധം, ലഹരി വിരുദ്ധ മനോഭാവം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യും.

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകളും, ഇ-കണ്ടന്റുകളും, വിനിയോഗിക്കുകയും ക്ലാസ്മുറികൾ ആധുനികവത്ക്കരിക്കുകയും ചെയ്യും. കാലാവധി പൂർത്തീകരിച്ചതിനു ശേഷം അച്ചീവ്മെന്റ് സ്റ്റഡി നടത്തുകയും കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

ഈ കാഴ്ച്ചപ്പാടുകൾ നടപ്പിലാക്കാൻ ജനപ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, മറ്റ് സംഘടനകൾ, തുടങ്ങിയവരെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കും.

# പൊതുലക്ഷ്യങ്ങൾ

## മലയാളം

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കും.

## ഇംഗ്ലീഷ്

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കും

## പരിസരപഠനം

- ശാസ്ത്ര പരീക്ഷണങ്ങൾക്കും ശാസ്ത്രപോഷണത്തിനും ഉള്ള അനുഭവങ്ങൾ പ്രധാനം ചെയ്ത് ശാസ്ത്രാഭിരുചി വളർത്തും.
- പരിസ്ഥിതി സംരക്ഷണ - പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും.

## ഗണിതം

- ഗണിത ശേഷി വികസനത്തിനുതകുന്ന ഗണിതാന്തരീക്ഷവും ഗണിത ലാബും ഒരുക്കി പ്രയോഗിക പ്രശ്നപരിഹരണത്തിന് പ്രാപ്തരാക്കി ഗണിതം മധുരമാക്കും.

## സാമൂഹികം

- എല്ലാ വിദ്യാർത്ഥികളേയും ജനാധിപത്യബോധവും, സാമൂഹികാവബോധവും, മതനിരപേക്ഷത ഉള്ളവരും, ലഹരിവിരുദ്ധരും, ലിംഗബോധവും, മാലിന്യ നിർമ്മാർജ്ജന അവബോധവും, ആരോഗ്യവും ഉള്ള സംസ്ക്കാര സമ്പന്നരാക്കും.
- പൂർവ്വവിദ്യാർത്ഥി - അധ്യാപക സംഗമം.

## ഐ. റ്റി

- എല്ലാ കുട്ടികൾക്കും അവരുടെ നിലവാരമനുസരിച്ച് കമ്പ്യൂട്ടർ കൈകാര്യംചെയ്യാനുള്ള അവസരമൊരുക്കും.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ക്ലാസ്മുറികളിൽ വിനിയോഗിക്കുകയും പഠന പ്രവർത്തനത്തിന് അനുയോജ്യമായ ഇ- കണ്ടന്റ് വികസിപ്പിക്കുകയും ചെയ്യും.

## ജൈവവൈവിധ്യം

- പഠനത്തെ പരിസരഗന്ധിയും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ - പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യും

## ലൈബ്രറി

- ലൈബ്രറി ശാക്തീകരണം.
- എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കും വിധം വൈവിധ്യമുള്ള പുസ്തകവായനാ അനുഭവം ഒരുക്കും

## L.S.S. പരീക്ഷയിലെ വിജയം.

- തെരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം.

# മലയാളം

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കും | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ്<br>• മലയാളത്തിളക്കം<br>• പദകേളി<br>• വാക്യങ്ങൾ നിർമിക്കൽ<br>• സചിത്ര നോട്ടുപുസ്തകം<br>• അക്ഷരപ്പാട്ട്<br>• ആശയാവതരണ രീതി<br>• ആഭരണം അണിയിക്കൽ<br>• സംയുക്ത ഡയറി<br>• കഥ, കവിത അവതരണം<br>• ലഘു കുറിപ്പുകൾ തയ്യാറാക്കൽ<br>• പിറന്നാൾ ലൈബ്രറി | ജൂൺ, ജൂലൈ,ആഗസ്റ്റ് | ക്ലാസ് ടീച്ചർ | എസ്.എസ്.എ | |
| 2. | | മാതൃഭാഷാ നിലവാരം ഉയർത്തൽ | • കഥ, കവിത, കടംകഥകൾ, പഴഞ്ചൊല്ലുകൾ ശേഖരിക്കൽ<br>• ശില്പശാലകൾ<br>• വായനാ സാമഗ്രികൾ ശേഖരണവും നിർമ്മാണവും<br>• CPTA<br>• കഥ-ബാക്കി എഴുതൽ | സെപ്റ്റംബർ, ഒക്ടോബർ | ക്ലാസ് ടീച്ചർ | എസ്.എസ്.എ | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | • പത്രവായന<br>• വായനോത്സവം<br>• ഭാഷോത്സവം<br>• രചനോത്സവം<br>• സാഹിത്യകാരൻമാരെ പരിചയപ്പെടൽ, അഭിമുഖം<br>• ക്ലാസ് ലൈബ്രറി.<br>• ലൈബ്രറി സന്ദർശനം<br>• വായനാക്കുറിപ്പുകൾ, പുസ്തകപരിചയം.<br>• ചുമർപത്രം നിർമ്മാണം<br>• സ്കൂൾ മാഗസീൻ, പതിപ്പുകൾ | | | | |
| 3. | | സ്വതന്ത്ര രചനയിലൂടെ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • കഥ,കവിത രചന<br>• റീഡേഴ്സ് തിയ്യറ്റർ<br>• അനുഭവക്കുറിച്ച്<br>• ദൃക്സാക്ഷി വിവരണം<br>•<br>• ആസ്വാദനക്കുറിപ്പ്, വർണന, സംഭാഷണം തയ്യാറാക്കൽ.<br>• റേഡിയോ സർഗവേള<br>• വിദ്യാരംഗം സാഹിത്യവേദി | ജനുവരി | ക്ലാസ് ടീച്ചർ | | |

# ഇംഗ്ലീഷ്

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കും. | പിന്നോക്കക്കാരെ കണ്ടെത്തൽ | • പ്രീ-ടെസറ്റ് നടത്തൽ<br>• പ്രവർത്തന പാക്കേജ്<br>• തയ്യാറാക്കൽ<br>• സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>• Rhymes<br>• ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>• Self Introduction<br>• Games<br>• വായനാ കാർഡ്<br>• Picture descriptions. | ജൂൺ | ക്ലാസ് ടീച്ചർ<br>എസ്. ആർ.ജി. കൺവീനർ | എസ്. എസ്.എ<br>ക്ലബ് | |
| 2. | | ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തൽ | • Hello English<br>• Spoken English<br>• English Assembly<br>• Riddles<br>• My English World Note book. | ഒക്ടോബർ, ഫെബ്രുവരി | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | • Add more lines<br>• Conversation<br>• Skit<br>• English Library<br>• English Day<br>• English Diary<br>• Story telling<br>• Speech<br>• Word games<br>• Puzzle<br>• English Club<br>• Picture dictionary<br>• English Fest | | | ഒ.എസ്.എ | |

# പരിസരപഠനം

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | ശാസ്ത്ര പരീക്ഷണങ്ങൾക്കും ശാസ്ത്ര പോഷണത്തിനും ഉള്ള അനുഭവങ്ങൾ പ്രധാനം ചെയ്ത് ശാസ്ത്രാഭിരുചി വളർത്തും. | 1. ശാസ്ത്രമൂല ഉറപ്പാക്കൽ | • വേണ്ട സാധനങ്ങൾ ലിസ്റ്റ് ചെയ്യൽ<br>• ശാസ്ത്ര സാഹിത്യ പുസ്തകങ്ങൽ ശേഖരിക്കൽ<br>• ലഘു പരീക്ഷണങ്ങൾ<br>• സ്കൂൾ ശാസ്ത്രമേളകൾ | ഒരു അധ്യയന വർഷം നീണ്ടു നിൽക്കുന്നു. | എസ്.ആർ.ജി. കൺവീനർ | മുനിസിപ്പാലിറ്റി | |
| | | 2. ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ, അഭിമുഖം<br>• ശാസ്ത്ര പുസ്തകങ്ങൾ<br>• ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>• ശാസ്ത്ര പ്രദർശനം<br>• Industrial Visit | | | എസ്.എസ്.എ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | പരിസ്ഥിതി സംരക്ഷണ പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കൽ | 1. പരിസ്ഥിതി സംരക്ഷണം | • ഒരു കുട്ടി ഒരു മരം<br>• മഴക്കുഴി, മഴവെള്ളസംഭരണി, കിണർ റീചാർജിങ്ങ്<br>• ജൈവവേലി, ജൈവ പച്ചക്കറിത്തോട്ടം<br>• കമ്പോസ്റ്റ് നിർമ്മാണം<br>• മാലിന്യങ്ങൾ വേർതിരിച്ച് നിർമ്മാർജ്ജനം ചെയ്യൽ (ജൈവം/അജൈവം)<br>• പോസ്റ്റർ നിർമാണം<br>• ബോധവത്ക്കരണ ക്ലാസ്സുകൾ<br>• ചിത്ര പ്രദർശനം<br>• ഐ.സി.റ്റി സാധ്യതകൾ<br>• പ്രതിജ്ഞ | | വാർഡ്, കൃഷി വകുപ്പ് | കൃഷിവകുപ്പ് | |
| 3. | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കും | | • പരിസ്ഥിതി നടത്തം<br>• കൃഷി സ്ഥലം സന്ദർശനം.<br>• പക്ഷി നിരീക്ഷണം<br>• ഫീൽഡ് ട്രിപ്പുകൾ<br>• ചിത്ര പ്രദർശനം | | ക്ലാസ് ടീച്ചർ പി.റ്റി.എ | ഒ.എസ്.എ | |

# ഗണിതം

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | ഗണിതശേഷി വികസനത്തിനുതകുന്ന ഗണിതാന്തരീക്ഷവും ഗണിത ലാബും ഒരുക്കി പ്രായോഗിക പ്രശ്ന പരിഹരണത്തിന് പ്രാപ്തരാക്കി ഗണിതം മധുരമാക്കും. | 1. ഗണിതലാബ് സജ്ജീകരിക്കൽ | • അബാക്കസ്, ക്ലോക്ക്, തൂക്കം, നീളം, ഉള്ളളവ് സാമഗ്രികൾ, കലണ്ടർ etc. ക്രമീകരിക്കൽ അരവിന്ദ് ഗുപ്ത സ്ടിച്ച്, ഡൊമിനോസ്, സ്ഥാനവില പോക്കറ്റ്. ക്രമീകരിക്കൽ<br>• ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | എസ്. എസ്. എ. | |
| | | 2. ഗണിതാന്തരീക്ഷം ഒരുക്കൽ | • സംഖ്യാപമ്പരം<br>• സംഖ്യാപോക്കറ്റ്<br>• മാന്ത്രിക ചതുരം<br>• ഗണിതക്കളികൾ<br>• ഗണിത ചാർട്ട്<br>• ശാസ്ത്രജ്ഞരെ പരിചയപ്പെടൽ<br>• ജ്യാമിതീയ രൂപങ്ങൾ നിർമ്മി | സെപ്റ്റംബർ, ഒക്ടോബർ | | എസ്. എസ്. എ. | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | [illegible]<br>• ക്ലോക്ക്, കലണ്ടർ നിർമ്മാണം<br>• മെട്രിക് മേള<br>• Maths Fest<br>• ഉല്ലാസഗണിതം<br>• ഗണിത വിജയം<br>• മാഗസിൻ നിർമ്മാണം | | | | |

# സാമൂഹികം

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | എല്ലാ വിദ്യാർത്ഥികളേയും ജനാധിപത്യബോധവും, സാമൂഹിക ബോധവും, മതനിരപേക്ഷത ഉള്ളവരും ലഹരിബോധവും, മാലിന്യ നിർമ്മാർജ്ജന അവബോധവും, ആരോഗ്യവും ഉള്ള സംസ്ക്കാര സമ്പന്നരാക്കും. | 1. ജനാധിപത്യ ബോധം | • സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ്<br>• ക്ലാസ്സ് ലീഡർ തെരഞ്ഞെടുപ്പ് | ജൂലൈ | എച്ച്.എം. | പി.റ്റി.എ | |
| | | 2. സാമൂഹികാവബോധം | • നല്ല പാഠം പദ്ധതി<br>• സ്കോളർഷിപ്പുകൾ<br>• സാമൂഹികപരിഷ്കർത്താക്കളെ പരിചയപ്പെടൽ<br>• ELA<br>• നാടകങ്ങൾ<br>•<br>• സാമൂഹിക സേവനപ്രവർത്തനങ്ങൾ<br>• വൃദ്ധസദനങ്ങൾ സന്ദർശനം. | | പി.റ്റി.എ | പി.റ്റി.എ, വ്യക്തികൾ, ക്ലബുകൾ | |

• നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് അനാഥർക്ക് നൽകൽ.

| | | | | | | | |
|---|---|---|---|---|---|---|---|
| | | 3. മതനിരപേക്ഷത | • ദിനാചരണങ്ങൾ പ്രധാന്യം ഉൾക്കൊണ്ട് ആചരിക്കുന്നു.<br>• എല്ലാമത ഗ്രന്ഥങ്ങളും പരിചയപ്പെടാൻ അവസരം<br>• എല്ലാ മതവിഭാങ്ങളുടേയും ആഘോഷങ്ങൾ സ്കൂളിൽ ആഘോഷിക്കുന്നു. | | സി.പി. റ്റി.എ | | |
| | | 4. ലിംഗാവബോധം | • എല്ലാ പ്രവർത്തനങ്ങളിലും ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരങ്ങൾ<br>• Child Help Line പ്രവർത്തനങ്ങൾ<br>• രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള ബോധവത്ക്കരണ ക്ലാസ്സ് | | സി.പി. റ്റി.എ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 5. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | • പുകയില, ലഹരിവിരുദ്ധ വിദ്യാലയം<br>• ബോധവത്ക്കരണ ക്ലാസ്സുകൾ<br>• പോസ്റ്റർ നിർമാണം.<br>• ഐ.സി.റ്റി സാധ്യതകൾ | | ഹെൽത്ത് ക്ലബ് | ക്ലബ് | |
| | | 6. മാലിന്യ നിർമാർജ്ജന അവബോധം | • എല്ലാ ക്ലാസ്സുകളിലും ചവറ്റു കുട്ടകൾ<br>• മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിക്കൽ<br>• കമ്പോസ്റ്റ് കുഴി നിർമ്മാണം.<br>• പ്ലാസ്റ്റിക്ക് മുക്ത വിദ്യാലയം<br>• പോസ്റ്ററുകൾ | | ഹെൽത്ത് ക്ലബ് | എസ്. എസ്. എ. | |
| | | 7. ആരോഗ്യ സംരക്ഷണം | • പോഷകാഹാര പരിപാടികൾ<br>• HAPPY DRINKS<br>• കരാട്ടെ-യോഗ പരിശീലനം.<br>• പ്രഭാത-ഉച്ചഭക്ഷണ പരിപാടികൾ<br>• മില്ലറ്റ് ദിനാചരണം.<br>• മെഡിക്കൽ ക്യാമ്പുകൾ | | ഹെൽത്ത് ക്ലബ് | വ്യക്തികൾ ക്ലബ് | |

ഐ. റ്റി

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും അവരുടെ നിലവാരമനുസരിച്ച് കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനുള്ള അവസരം ഒരുക്കും | 1. ക്ലാസ്സ് തല പഠനപ്രവർത്തനങ്ങൾ | • എല്ലാകുട്ടികൾക്കും കമ്പ്യൂട്ടർ കൈകാര്യം, ചെയ്യാൻ അവസരം<br>• ഓരോ ക്ലാസിനും അനുയോജ്യമായ പാഠപുസ്തകങ്ങളുടെ പരിശീലനം (കളിപ്പെട്ടി)<br>• മൂല്യനിർണയ പ്രവർത്തനങ്ങൾ | ഒരു അധ്യയന വർഷം മുഴുവൻ. | ഐ.റ്റി.കോഡിനേറ്റർ<br>ക്ലാസ് ടീച്ചർ | എസ്.എസ്.എ | |
| 2. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ക്ലാസ് മുറികളിൽ വിനിയോഗിക്കുകയും പഠനപ്രവർത്തനത്തിന് അനുയോജ്യമായ ഇ-കണ്ടന്റ് വികസിപ്പിക്കുകയും ചെയ്യും. | | • ഓരോ ക്ലാസിനും അനുയോജ്യമായ ഐ.സി.റ്റി. സാധ്യതകൾ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു. ഫലപ്രദമായി വിനിയോഗിക്കുന്നു.<br>• സ്മാർട്ട് ക്ലാസ്സ് മുറി സജ്ജീകരിക്കുന്നു. | | | | |

# ജൈവവൈവിധ്യം

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | പഠനത്തെ പരിസരഗന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും, സ്കൂൾ ക്യാമ്പസിനെ പാഠപുസ്തകമാക്കി വികസിപ്പിക്കുകയും. ചെയ്യും | | • ഔഷധ തോട്ട നിർമ്മാണം<br>• പച്ചക്കറി തോട്ടം<br>• ശലഭോദ്യാനം<br>• ചെറിയ കുളം<br>• ജൈവവേലി<br>• ജൈവവൈവിധ്യ ഉദ്യാനം<br>• പിറന്നാൾ പൂന്തോട്ടം<br>• പിറന്നാൾ അടുക്കള തോട്ടം. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ, എസ്. ആർ.ജി, ക്ലബുകൾ | പി.റ്റി.എ. വാർഡ്, കൃഷി വകുപ്പ് ഒ.എസ്.എ | |

# ലൈബ്രറി

| SL. No. | പൊതുലക്ഷ്യം | മേഖലകൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1. | ലൈബ്രറി ശാക്തീകരണം | 1.സ്കൂൾ ലൈബ്രറി | • OPEN LIBRARY<br>• പിറന്നാൾ പുസ്തകം<br>• പുസ്തക ശേഖരണം<br>• അമ്മ വായന, കഥ പറയൽ<br>• പുസ്തക വായനാഅനുഭവങ്ങൾ ഒരുക്കൽ<br>• പദകേളി<br>• വായനാ മത്സരങ്ങൾ<br>• ആസ്വാദനക്കുറിപ്പുകൾ<br>• ലൈബ്രറി സന്ദർശനം<br>• Digital Library | ജൂൺ മുതൽ ഡിസംബർ വരെ | എസ്. ആർ.ജി., ലൈബ്രേറിയൻ | എസ്.എസ്.എ, ഒ.എസ്.എ ക്ലബുകൾ | |
| | | 2.ക്ലാസ്സ് ലൈബ്രറി | • എല്ലാ ക്ലാസ്സുകളിലും പ്രത്യേക ലൈബ്രറികൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് സജ്ജീകരിക്കൽ<br>• വായനാ കാർഡുകൾ<br>• എല്ലാ ക്ലാസിലും പത്രം | | | | |

## മോണിട്ടറിംഗ് രീതി

- ദൈനംദിന മോണിട്ടറിംഗ് പ്രധാനധ്യാപിക നടത്തുന്നു.
- ഓരോ ക്ലാസ്സിനും മോണിട്ടറിംഗ് ടീം രൂപീകരിക്കുന്നു. അവർ ക്ലാസ്സ്തല / സ്കൂൾതല മോണിട്ടറിംഗ് നടത്തുന്നു. റെക്കോർഡിക്കലാക്കുന്നു.
- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

## ഉപസംഹാരം

കലാപരവുമായ നേട്ടങ്ങളെ

ൾകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമൃദ്ധമാക്കുന്നതിനും ഞങ്ങ ഒത്തൊരുമിച്ചിരുന്ന് തയ്യാറാക്കിയ ഈ വികസനരേഖ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയ പ്രവേശന നിരക്ക് കൂടുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- അധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിച്ചു.
- ആധുനിക സാങ്കേതിക വിദ്യയിൽ എല്ലാ കുട്ടികൾക്കും പരിജ്ഞാനം.
- വിദ്യാലയ മികവുകളെ സമൂഹത്തിലെത്തിക്കുന്നതിന് സാധിക്കും.
- പഠനം ആഹ്ലാദകരമായിത്തീരുന്നു.

നന്ദി....